കാഞ്ഞിരം

■ മുനീർ പി.പി

നഗരത്തിലും നാട്ടിൻപുറത്തും കാണപ്പെടുന്ന കൊച്ചു മരമാണ് കാഞ്ഞിരം. കയ്പ് രസത്തിന് ഇത് പണ്ടേ പ്രസിദ്ധമാണ്. വളരെ വിസ്തൃതമായ മേലാപ്പ് ഇതിനില്ലെങ്കിലും കാഞ്ഞിരത്തിന്റെ കരുത്ത് ഒറ്റനോട്ടത്തിൽ തന്നെ മനസ്സിലാക്കാം.

ഇലകൾക്ക് നല്ല കടുപ്പമുണ്ട്. കായകളിപ്പന്ത് ആക്കാനൊക്കുമെങ്കിലും ആരും അങ്ങനെ ചെയ്യുന്നതായി കണ്ടിട്ടില്ല. കന്നുകാലികളൊന്നും ഭക്ഷിക്കുന്നതായും കണ്ടിട്ടില്ല. ഇലയ്ക്കും തടിക്കും കായ്ക്കും ഒക്കെത്തന്നെ നല്ല കയ്പ് ആയതു കാരണമാവാം കളിക്കൂട്ടുകാരനാവാത്തതും ആഹാരമാവാത്തതും. ഈ പറഞ്ഞ കയ്പുകാരണം തന്നെയാണ് ആരാലും തിന്നപ്പെടാതെ രക്ഷപ്പെട്ടുപോവുന്നതും.

എങ്കിലും ചില പക്ഷികൾ ഇതിന്റെ ശിഖരങ്ങളിൽ വിശ്രമിക്കുന്നതു കാണാം. വേനൽക്കാലത്ത് പൂക്കുമ്പോൾ ശിഖരാഗ്രങ്ങളിൽ പച്ച കലർന്ന വെളുപ്പു പൂക്കൾ ധാരാളമായി കാണാം.

റബ്ബർപന്തിന്റെ വലുപ്പവും കട്ടിയുള്ള തോലുമുള്ള കായ്കൾ സാധാരണ ധാരാളമായി കാണാം. സ്വർണനിറമുള്ള കായ്കൾ തിന്നാൻ പറ്റില്ലെന്നറിയാമല്ലോ. ഈ കായ്ക്കകത്ത് 3 മുതൽ 5 വരെ വിത്തുകൾ കാണാം. കൊഴുത്ത ദ്രവത്തിനകത്താണ് വിത്തുകൾ.

ഇവ വരണ്ട ചെങ്കൽപ്പുറങ്ങളിൽ വളരുന്നു. വെള്ളം കിട്ടുന്നേടത്തും വളരുന്നു. ജലസമൃദ്ധിയൊന്നും കാഞ്ഞിരത്തിന് ആവശ്യമില്ല. കടുത്ത ഞരമ്പുകളുള്ളവയാണ് ഇലകൾ. ഇല പൊഴിക്കുന്ന ചെടിയാണ് കാഞ്ഞിരം. എങ്കിലും ഇലകൾ ഒന്നിച്ചു പൊഴിക്കാറില്ല. ആദ്യം കുറച്ച്, ബാക്കി ഏറെ നാളുകൾക്ക് ശേഷവും. തളിരും പൂവുമൊക്കെ ഇങ്ങനെ ഒരുമിച്ചു കാണാം. കയ്പും ഇല

ഇന്ത്യയിൽ ആദ്യമായി നിയമനിർമ്മാണ സഭ രൂപീകൃതമായ നാട്ടുരാജ്യം– മൈസൂർ

പൊഴിപ്പും ഒക്കെ നിലനിൽക്കാൻ പ്രകൃതി നൽകിയ ഓരോരോ അനുകൂലനങ്ങളാണ്.

കഷായമുണ്ടാക്കാനും കീടനാശനത്തിനും വിഷഹാരത്തിനുമൊക്കെ ഉപയോഗിക്കാവുന്നതാണ് കാഞ്ഞിരം. അതിനു ശേഷിയുള്ളവയാണ് കാഞ്ഞിരത്തിലെ ചേരുവകൾ. ഉപ്പു വലിച്ചെടുക്കുന്ന കണ്ടൽ ചെടികളെ പോലെ ഘനലോഹങ്ങളെ വലിച്ചെടുക്കുന്ന സസ്യങ്ങളുമുണ്ട്. ലോഹാംശം നേരിട്ടുപയോഗിക്കുന്നത് മനുഷ്യർക്കും കന്നുകാലികൾക്കും ഹാനികരമാണ്.

വിഷഹാരത്തിന് പ്രയോജനപ്പെടുന്ന സസ്യങ്ങൾ നിരവധിയുണ്ട്. കാഞ്ഞിരം കാഡ്മിയത്തെ. കുളവാഴ- ചെമ്പ്, രസം, നാകം/സിങ്ക്, കാഡ്മിയം. മുത്തിൽ-മെർക്കുറി, കറുക-ഈയം. അതിരാണി- അലുമിനിയം. ആ

കാഞ്ഞിരവിത്ത്

ഫ്രിക്കൻ പായൽ-ക്രോമിയം, നിക്കൽ, ഈയം, സിങ്ക്. സൂര്യകാന്തി-ക്രോമിയം, നിക്കൽ, മാംഗനീസ് തുടങ്ങിയവയെ വേരു വഴി വലിച്ചെടുക്കാനും പിന്നീട് പുറന്തള്ളാനുമൊക്കെ ശേഷിയുള്ളവയാണ്. പല നാടുകളിലും ഈ സസ്യങ്ങളെ ജലശുദ്ധീകരണത്തിനായി ഉപയോഗപ്പെടുത്താറുണ്ട്.

പേരനീലി ശലഭത്തിന്റെ ജീവിതം കാഞ്ഞിരത്തെ കാര്യമായി ആശ്രയിക്കുന്നു. കാഞ്ഞിരം ചെങ്കൽപുറത്തു നിന്ന് വെയിൽ കായുന്നത് വെറുതെയല്ലെന്ന് മനസ്സിലായല്ലോ. ഒന്നും പാഴല്ല പ്രകൃതിയിൽ, ഓരോന്നിനും നിർണിത ദൗത്യമുണ്ട്.

അജഗജാന്തരം

സ്ക്രിപ്റ്റ്: ഇബ്രാഹിം ഉമർ
ആർട്ട്: ബാസിത്ത് കൊപ്പം



ഇന്ത്യയിൽ ആദ്യമായി ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച മണ്ഡലം– നോർത്ത് പറവൂർ(1982)